പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 195 13-02-2013-ൽ മറുപടിക്ക്

## കോടതി വിധിന്യായങ്ങളുടെ മലയാളത്തിലുള്ള ജേർണൽ

| ചോദ്യം | ഉത്തരം |
| --- | --- |
| * 195. ശ്രീ. ഷാഫി പറമ്പിൽ :<br>" ബെന്നി ബെഹനാൻ :<br>" അൻവർ സാദത്ത് :<br>" ലൂഡി ലൂയിസ് | ശ്രീ.കെ.എം.മാണി<br>(ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | |
| --- | --- | --- |
| (എ) | വിധിന്യായങ്ങൾ മലയാള ത്തിലാക്കി ജേർണൽ രൂപത്തിൽ പ്രസിദ്ധീകരി ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | ഉദ്ദേശിക്കുന്നുണ്ട്. വളരെ പ്രധാനപ്പെട്ടതും കാലിക വുമായ വിധിന്യായങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷ പ്പെടുത്തിക്കൊണ്ട് നിയമ ജേർണൽ പ്രസിദ്ധീകരിക്കു ന്നതിനായി "നിയമ ( ഔദ്യോഗിക ഭാഷ - പ്രസിദ്ധീക രണ സെൽ)" 02-03-2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 78/2012/ നിയമം ഉത്തരവിലൂടെ രൂപീകരിച്ചി ട്ടുണ്ട്. ആയതിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | ഏതൊക്കെ കോടതികളിലെ വിധിന്യായങ്ങളാണ് ഇതിനു വേണ്ടി തെരഞ്ഞെടുക്കാനു ദ്ദേശിക്കുന്നത്,വിശദമാക്കുമോ; | വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതിയുടെ വിധിന്യായങ്ങളുടെ ചുരുക്കകുറിപ്പുകളും ഹൈക്കോടതിയുടെ വിധിന്യായങ്ങളുമാണ് മലയാളത്തി ലേയ്ക്ക് പരിഭാഷപ്പെടുത്തി നിയമ ജേർണൽ രൂപത്തിൽ |

| | | |
|---|---|---|
| | | പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ഭരണത്തിൻെറ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണം എന്ന സർക്കാരിൻെറ പ്രഖ്യാപിത നയം നടപ്പിലാക്കുകയാണ് ഇതിൻെറ ഉദ്ദേശ്യം. മേൽ കോടതികളുടെ ഇംഗ്ലീഷിലുള്ള പ്രധാനപ്പെട്ട വിധിന്യായ ങ്ങൾ സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ ഉതകും വിധം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | തർജ്ജമ ചെയ്തിട്ടില്ലാത്ത നിയമങ്ങളും പ്രധാന ഉത്തരവുകളും വിജ്ഞാപ നങ്ങളും ജേർണലിൽ ഉൾപ്പെടു ത്തുന്നത് പരിഗണിക്കുമോ; | 02-03-2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 78/2012/നിയമം പ്രകാരം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, തർജ്ജമ ചെയ്തിട്ടില്ലാത്ത പ്രധാനപ്പെട്ട നിയമങ്ങളും പ്രധാ നപ്പെട്ട ഉത്തരവുകളും, വിജ്ഞാപനങ്ങളും മലയാളത്തി ലേക്ക് തർജ്ജമ ചെയ്ത് ലഭ്യമാക്കുന്നതിനുമായാണ് ''നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ)'' രൂപീകരിച്ചത്. വളരെ പ്രധാനപ്പെട്ടതും കാലികവു മായ സുപ്രീം കോടതിയുടെ വിധിന്യായങ്ങളുടെ ചുരുക്ക കുറിപ്പുകളും ഹൈക്കോടതിയുടെ വിധിന്യായങ്ങളു മാണ് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി നിയമ ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കു ന്നത്. മേൽപറഞ്ഞ തർജ്ജമ ചെയ്തിട്ടില്ലാത്ത ആക്റ്റുകളും പ്രധാന ഉത്തരവുകളും വിജ്ഞാപനങ്ങളും തർജ്ജമ ചെയ്ത് ജേർണലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധി ക്കാവുന്നതാണ്. |

| | | |
|---|---|---|
| (ഇ) | ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | ഇതിനുവേണ്ടി "നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ)" നിയമ വകുപ്പിൽ 02-03-2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 78/2012/നിയമം ഉത്തരവിലൂടെ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ